

# ഖുർആൻ ബോധനം



| എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

**126.** പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെട്ടത് ഏതളവിലാണോ അത്രമാത്രം ചെയ്യാം. എന്നാൽ ക്ഷമിക്കുകയാണെങ്കിൽ ക്ഷമാശീലർക്ക് ഉൽകൃഷ്ടമായത് അതു തന്നെയാകുന്നു.

وَإِنْ عَاقَبْتُمْ فَعَاقِبُوا۟ بِمِثْلِ مَا عُوقِبْتُم بِهِۦ ۖ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّٰبِرِينَ ﴿١٢٦﴾

**127.** പ്രവാചകൻ ക്ഷമാപൂർവം പ്രവർത്തിച്ചുകൊണ്ടിരിക്കുക. നിന്റെ സഹനശീലം അല്ലാഹുവിന്റെ ഉതവിയാൽ മാത്രം ലഭിച്ചതാകുന്നു. അവിശ്വാസികളുടെ കാര്യത്തിൽ നീ വ്യസനിക്കേണ്ടതില്ല. അവരുടെ കുതന്ത്രങ്ങളോർത്ത് മനഃക്ലേശവും വേണ്ട.

وَٱصْبِرْ وَمَا صَبْرُكَ إِلَّا بِٱللَّهِ ۚ وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُ فِى ضَيْقٍ مِّمَّا يَمْكُرُونَ ﴿١٢٧﴾

**128.** ദൈവഭക്തരും സുകൃതരുമായ ആളുകളുടെ കൂടെ തീർച്ചയായും അല്ലാഹുവുണ്ട്.

إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴿١٢٨﴾

وَإِنْ عَاقَبْتُمْ = നിങ്ങൾ ശിക്ഷിച്ചാൽ(പ്രതികാരം ചെയ്യുകയാണെങ്കിൽ) فَعَاقِبُوا۟ = അപ്പോൾ നിങ്ങൾക്ക് പ്രതികാരം ചെയ്യാം
بِمِثْلِ مَا عُوقِبْتُم بِهِۦ = നിങ്ങൾ മർദ്ദിക്കപ്പെട്ടത് എന്തിനാലാണോ അതിനു തുല്യമായതുകൊണ്ട്
(മർദ്ദിക്കപ്പെട്ടത് ഏതളവിലാണോ അത്രമാത്രം) وَلَئِن صَبَرْتُمْ = നിങ്ങൾ ക്ഷമിച്ചുവെങ്കിൽ തീർച്ചയായും
لَهُوَ خَيْرٌ = അതുതന്നെയാണ് ഉൽകൃഷ്ടമായത് لِّلصَّٰبِرِينَ = ക്ഷമാശീലർക്ക്
وَٱصْبِرْ = നീ ക്ഷമിക്കുക(പ്രവാചകൻ ക്ഷമാപൂർവം പ്രവർത്തിച്ചുകൊണ്ടിരിക്കുക)
وَمَا صَبْرُكَ = നിന്റെ ക്ഷമ(സഹനശീലം) അല്ല
إِلَّا بِٱللَّهِ = അല്ലാഹുവിനെക്കൊണ്ടല്ലാതെ(അല്ലാഹുവിന്റെ ഉതവിയാൽ മാത്രം ലഭിച്ചതാകുന്നു)
وَلَا تَحْزَنْ = നീ ദുഃഖിക്കേണ്ടതില്ല عَلَيْهِمْ = അവരുടെ മേൽ(അവരുടെ കാര്യത്തിൽ)
وَلَا تَكُ = നീ ആവരുത്(നിനക്കു വേണ്ട) فِى ضَيْقٍ = മുട്ടിൽ, ഇടുക്കത്തിൽ(മനഃക്ലേശം)
مِّمَّا يَمْكُرُونَ = അവർ ചെയ്യുന്ന കുതന്ത്രങ്ങളാൽ(കുതന്ത്രങ്ങളോർത്ത്)
إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു(ഉണ്ട്) مَعَ ٱلَّذِينَ ٱتَّقَوا۟ = വിധിവിലക്കുകൾ പാലിച്ചവ(ദൈവഭക്ത)രുടെ കൂടെ
وَّٱلَّذِينَ هُم مُّحْسِنُونَ = യാതൊരു കൂട്ടർ സുകൃതരായിരിക്കുന്നുവോ, അവരുടെ കൂടെയും(സുകൃതരുമായ ആളുകളുടെ കൂടെ)

**126–128.** عَاقَبْتُمْ - عَاقِبُوا - عُوقِبْتُم എന്നിവ തിന്മയുടെ കർത്താവിന് ദോഷകരമായ പ്രതിഫലം (ശിക്ഷ) നൽകുക എന്ന അർഥത്തിലുള്ള مُعَاقَبَة ൽ നിന്നുള്ള ക്രിയകളാണ്. അവിശ്വാസികൾ വിശ്വാസികളോടു ചെയ്യുന്ന ദ്രോഹങ്ങളും അതി

നുള്ള പ്രതികാരവുമാണ് ഇവിടെ ഈ പദങ്ങള്‍ കൊണ്ടുദ്ദേശ്യം. സാരമിതാണ്: അവിശ്വാസികളുടെ മര്‍ദ്ദനങ്ങള്‍ക്ക് പ്രതികാരം ചെയ്യണമെന്ന് വിശ്വാസികള്‍ ആഗ്രഹിക്കുന്നുവെങ്കില്‍ അവര്‍ക്കതിനവകാശമുണ്ട്. എന്നാല്‍ തത്തുല്യമായ രീതിയിലേ ആകാവൂ. ഒന്നിന് രണ്ടെന്നോ പത്തെന്നോ ഉള്ള രീതിയിലാവരുത്. ഒന്നാമതായി അത് അന്യായവും അനീതിയുമാണ്. രണ്ടാമതായി പ്രതികാരം പരമ്പരയായി തുടരാന്‍ അതു കാരണമാകും. കൊടുത്തതിലധികം കിട്ടിയവര്‍ അധികമുള്ളത് പലിശ സഹിതം തിരിച്ചുകൊടുത്തുകൊണ്ടിരിക്കുമല്ലോ. വലതു കവിളില്‍ അടികൊണ്ടവര്‍ ഇടതു കവിള്‍ കൂടി കാണിച്ചു കൊടുക്കേണ്ടതില്ല. പകരം അവന്റെ കവിളിലും ഒന്നു കൊടുക്കാം. അതു പക്ഷെ, രണ്ടോ നാലോ അടിയായി പെരുകരുത്. അടി തിരിച്ചു കൊടുക്കുന്നത് കഠാരകൊണ്ടോ കരവാളുകൊണ്ടോ ആവുകയുമരുത്. അതുപോലെ ശിക്ഷിക്കുന്നത് കുറ്റം ചെയ്തവരെ മാത്രമായിരിക്കണം. അവരുടെ ഉറ്റവരെയോ ഉടയവരെയോ ആവരുത്. തന്നെ ദ്രോഹിച്ചതിന് ദ്രോഹിച്ചവന്റെ മക്കളെയോ മാതാപിതാക്കളെയോ അല്ല ശിക്ഷിക്കേണ്ടത്. സ്വന്തം സ്ത്രീകളെ മാനഭംഗപ്പെടുത്തിയതിനു പകരമായി അവരുടെ സ്ത്രീകളെ മാനഭംഗപ്പെടുത്താന്‍ ശ്രമിച്ചു കൂടാ. ഏതു പ്രതികാരവും ഇസ്‌ലാമിക ധാര്‍മികതയുടെയും നീതിയുടെയും പരിധികള്‍ പാലിച്ചുകൊണ്ടായിരിക്കണം.

ഇങ്ങോട്ടു ദ്രോഹിച്ചവരെ അങ്ങോട്ടും ദ്രോഹിക്കുക മര്‍ദ്ദിതരുടെ ന്യായമായ അവകാശമാണ്. എന്നാല്‍ പ്രതികാരത്തിനൊരുമ്പെടാതെ പീഡനങ്ങള്‍ സഹിച്ചും ക്ഷമിച്ചും, വിദ്വേഷത്തിനു സ്നേഹവും ക്രൂരതക്ക് ദയയും തിരിച്ചു കൊടുത്ത് കൊണ്ട് മുന്നോട്ടു പോവുകയാണ് സത്യവിശ്വാസികള്‍ക്ക് സ്വീകരിക്കാവുന്ന കൂടുതല്‍ ഫലപ്രദവും മഹത്തരവുമായ സമീപനരീതി. ഇക്കാര്യം മുന്‍ സൂക്തത്തിന്റെ വിശദീകരണത്തില്‍ ഉദ്ധരിച്ച 41:34-ാം സൂക്തത്തില്‍ വ്യക്തമാക്കിയിട്ടുണ്ട്. 42:40 ല്‍ ഇങ്ങനെയും പ്രസ്താവിച്ചിരിക്കുന്നു:

وَجَزَٰٓؤُاْ سَيِّئَةٖ سَيِّئَةٞ مِّثۡلُهَاۖ فَمَنۡ عَفَا وَأَصۡلَحَ فَأَجۡرُهُۥ عَلَى ٱللَّهِۚ

(തിന്മയുടെ പ്രതിഫലം തുല്യമായ തിന്മയാണ്. എന്നാല്‍ ഒരുവന്‍ വിട്ടുവീഴ്ച ചെയ്യുകയും ഒത്തുതീര്‍പ്പുണ്ടാക്കുകയും ചെയ്യുന്നുവെങ്കില്‍ അവന്റെ പ്രതിഫലം അല്ലാഹുവിങ്കലുണ്ട്). പ്രതികാരദാഹികള്‍ അതിന്റെ ധാര്‍മിക പരിധികള്‍ ലംഘിക്കാനുള്ള സാധ്യത ഏറെയാണ്. പരിധിവിട്ട പ്രതികാരം സ്ഥിതി കൂടുതല്‍ വഷളാക്കുകയാണ് ചെയ്യുക. ഇസ്‌ലാമിക പ്രബോധനത്തെയും അതു പ്രതികൂലമായി ബാധിക്കും.

അതിനാല്‍ എതിര്‍പ്പുകളും പീഡനങ്ങളും ക്ഷമയോടെ തരണം ചെയ്യുകയാണ് വേണ്ടത്. സഹനശക്തിയും ക്ഷമാശീലവും കൈവരുന്നതും അല്ലാഹുവുമായുള്ള ബന്ധത്തില്‍ നിന്നാകുന്നു എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. وَمَا صَبۡرُكَ إِلَّا بِٱللَّهِ എന്ന വാക്യത്തിലൂടെ. ക്ഷമയുടെയും സഹനത്തിന്റെയും ഉദ്ദിഷ്ട നിലവാരത്തിലെത്താന്‍ അല്ലാഹുവുമായുള്ള മാനസിക ബന്ധം അടിക്കടി വളര്‍ത്തിക്കൊണ്ടിരിക്കണം. അല്ലാഹുവുമായി ബന്ധം വളര്‍ത്താനുള്ള ഉപാധി അവനെ സ്മരിക്കുകയാണ്. ദൈവസ്മരണയുടെ ഏറ്റം ഉന്നതവും ഫലപ്രദവുമായ മാര്‍ഗമാണ് നമസ്കാരം-നിശാ നമസ്കാരം വിശേഷിച്ചും. അതുകൊണ്ടാണ് ഖുര്‍ആന്‍ പലയിടത്തും സഹനത്തെയും നമസ്കാരത്തെയും ചേര്‍ത്തുപറയുന്നത്. ഉദാ: ٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِۚ (സഹനം കൊണ്ടും നമസ്കാരം കൊണ്ടും ദൈവസഹായം തേടുവീന്‍ - 2:153).

ജനങ്ങള്‍, അതും തന്റെ ഗോത്രത്തിലും കുടുംബത്തിലും പെട്ട ആളുകള്‍ സത്യവും ധര്‍മവും സ്വീകരിക്കാതെ ജാഹിലിയ്യത്തില്‍ വിഹരിക്കുകയും നരകാവകാശികളായിത്തീരുകയും ചെയ്യുന്നതില്‍ നബി(സ)ക്ക് വലിയ ദുഃഖമുണ്ടായിരുന്നു. എങ്ങനെയെങ്കിലും അവരെല്ലാം സത്യവിശ്വാസത്തിലേക്ക് വന്ന് രക്ഷപ്പെട്ടെങ്കില്‍ എന്ന് അദ്ദേഹം വല്ലാതെ കൊതിച്ചു. ഇതിനെപ്പറ്റിയാണ് അവരുടെ കാര്യത്തില്‍ നീ വേപഥു കൊള്ളേണ്ടതില്ല وَلَا تَحۡزَنۡ عَلَيۡهِمۡ എന്നു പറയുന്നത്. അവരുടെ ജീവിതം പാഴാകുന്നുവെങ്കില്‍ അത് പ്രവാചകന്റെ വീഴ്ച കൊണ്ടല്ല. സ്വയം തെരഞ്ഞെടുത്തതാണവരുടെ പരാജയം. രക്ഷാമാര്‍ഗം കാണിച്ചു കൊടുക്കുകയാണ് പ്രവാചക ദൗത്യം. ആ മാര്‍ഗം കൈക്കൊള്ളുകയും അതിലൂടെ സഞ്ചരിക്കുകയും ചെയ്യേണ്ടത് ജനങ്ങള്‍ തന്നെയാണ്. അതിനുപകരം പ്രവാചകന്‍ കാണിച്ചു കൊടുത്ത വഴിയില്‍ നിന്ന് അകന്നുമാറുകയും മറ്റുള്ളവരെ കൂടി അകറ്റാന്‍ പല കുത്സിത മാര്‍ഗങ്ങളും അവലംബിക്കുകയും പ്രവാചകനെയും വിശ്വാസി സമൂഹത്തെയും നശിപ്പിക്കാന്‍ കൊണ്ടുപിടിച്ചു ശ്രമിക്കുകയുമാണവര്‍. അവരൊരുക്കുന്ന കുതന്ത്രങ്ങളിലൊന്നും പ്രവാചകനും സഖാക്കളും പരിഭ്രമിക്കുകയോ നിരാശപ്പെടുകയോ ചെയ്തുകൂടാ. وَلَا تَكُ فِي ضَيۡقٖ مِّمَّا يَمۡكُرُونَ തഖ്‌വയുള്ളവരുടെയും നന്മകള്‍ നല്ലരീതിയില്‍ ചെയ്യുന്നവരുടെയും കൂടെ അല്ലാഹുവുണ്ട്. അല്ലാഹുവിന്റെ, വിധിവിലക്കുകള്‍ അനുസരിക്കുന്നവരാണ് തഖ്‌വയുള്ളവര്‍ - മുത്തഖികള്‍. അല്ലാഹുവിനെ നേരില്‍ കണ്ടുകൊണ്ടെന്നപോലെ അനുസരിക്കുകയും ആരാധിക്കുകയുമാണ് احسان. അങ്ങനെ ചെയ്യുന്നവന്‍ محسن.

മുസ്‌ലിംകള്‍ വ്യവസ്ഥിതിയുടെയോ ഭരണത്തിന്റെയോ തുണയില്ലാതെ, ക്രുദ്ധരായ അവിശ്വാസികളാല്‍ വലയം ചെയ്യപ്പെട്ട നിരാലംബ സമൂഹമായി മക്കയില്‍ കഴിഞ്ഞിരുന്ന സാഹചര്യത്തിലാണ് ഈ സൂക്തങ്ങള്‍ അവതരിച്ചത്. അവതരണ പശ്ചാത്തലത്തെക്കുറിച്ച് ഇബ്നുസൈദ് പ്രസ്താവിച്ചതായി ഇബ്നുജരീറും ഇബ്നുഅബീഹാതിമും ഉദ്ധരിക്കുന്നു: വിഗ്രഹാരാധകരോട് വിട്ടുവീഴ്ചയോടെ വര്‍ത്തിക്കാന്‍ മുസ്‌ലിംകള്‍ കല്‍പിക്കപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ ശൂരരും പരാക്രമശാലികളുമായ കുറച്ചുപേര്‍ ഇസ്‌ലാമിലേക്കു വന്നു. അവര്‍ പ്രവാചകനോട് പറഞ്ഞു: തിരുദൂതരെ, ഞങ്ങള്‍ക്ക് അനുവാദം തരികയാണെങ്കില്‍ ഈ നായ്ക്കളെ ഞങ്ങള്‍ ഒതുക്കിക്കൊള്ളാം. അപ്പോഴാണ് ഈ സൂക്തം അവതരിച്ചത്. സ്വയംഭരണമുള്ള ഇസ്‌ലാമിക സമൂഹത്തിനെതിരെ ഉണ്ടാകുന്ന ആക്രമണങ്ങള്‍ നേരിടേണ്ടതെങ്ങനെ എന്നതു സംബന്ധിച്ച ചര്‍ച്ച നേരത്തെ സൂറഃ അല്‍അന്‍ഫാലിലും അത്തൗബയിലും വിശദമായി വന്നിട്ടുണ്ട്.

ഈ മൂന്നു സൂക്തങ്ങള്‍ അവതരിച്ചത് മദീനയിലാണ് എന്ന് ചില നിവേദനങ്ങളുണ്ട്. ഉഹ്ദ് യുദ്ധത്തില്‍ രക്തസാക്ഷിയായ പ്രവാചക പിതൃവ്യന്‍ ഹംസ(റ)യെ ശത്രുക്കള്‍ അതിമൃഗീയമായ രീതിയില്‍ അംഗഭംഗം ചെയ്തു വികൃതമാക്കിയിരുന്നു. പിതൃവ്യന്റെ വികൃതമാക്കപ്പെട്ട മൃതദേഹം കണ്ടു പ്രവാചകന്‍ ശത്രുപക്ഷത്തെ എഴുപതു പേരെ താന്‍ ഇപ്രകാരം ചെയ്യുമെന്ന് പറയുകയുണ്ടായി. ഉടനെ ഈ സൂക്തം അവതരിക്കുകയും പ്രവാചകന്‍ തന്റെ തീരുമാനത്തില്‍ നിന്ന് പിന്മാറുകയും

ചെയ്തുവെന്നാണ് ഒരു നിവേദനം. ഉഹ്ദിൽ അറുപത്തി നാലു അൻസാറുകളും ഹംസ(റ) ഉൾപ്പെടെ നൂറു മുഹാജിറുകളും വധിക്കപ്പെടുകയും അംഗഭംഗം ചെയ്യപ്പെടുകയുമുണ്ടായി. അതുകണ്ടപ്പോൾ അൻസാറുകളാണ് മേൽ പറഞ്ഞ വിധം പ്രതിജ്ഞ ചെയ്തതെന്നാണ് വേറൊരു നിവേദനം. മക്കാവിമോചന നാളിലാണീ സൂക്തം അവതരിച്ചതെന്നാണ് മറ്റൊരു നിവേദനം. ഭൂരി പക്ഷം പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ള പ്രബലമായ അഭിപ്രായം ഈ സൂക്തങ്ങൾ മക്കയിൽ, സൂറഃയിലെ മറ്റു സൂക്തങ്ങളോടൊപ്പം അവതരിച്ചതാകുന്നു എന്നതാണ്. ഉഹ്ദ് യുദ്ധവേളയിലും മക്കാവിമോചന വേളയിലും മുസ്‌ലിം മനസുകളിൽ കത്തിക്കാളിയ പ്രതികാരവാഞ്ഛ കെട്ടടങ്ങാൻ ഈ സൂക്തത്തിന്റെ അനുസ്മരണം കാരണമായി എന്നതാകാം വസ്തുത.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൂറഃ അന്നഹ്‌ലിന്റെ ബോധനം ഇവിടെ അവസാനിക്കുന്നു. ■

---

**സൂറ-17**

# അൽ ഇസ്‌റാഅ്

## ആമുഖം

**അൽ ഇസ്‌റാഅ്** (രാപ്രയാണം) ഈ സൂറയുടെ ഏറ്റവും പ്രചുരമായ പേരാണ്. പ്രഥമ സൂക്തത്തിൽ മുഹമ്മദ് നബിയുടെ രാപ്രയാണത്തെ പരാമർശിക്കുന്നുവെന്നതാണീ നാമകരണത്തിനാധാരം. ബനൂഇസ്രാഈൽ (ഇസ്രാഈൽ മക്കൾ) എന്നും സൂറഃക്ക് പേരുണ്ട്. പ്രവാചക ശിഷ്യന്മാർ ഈ പേരിൽ സൂറയെ പരാമർശിച്ചിരുന്നതായി ഹദീസ് നിവേദനങ്ങളിൽ കാണാം. 2 മുതൽ 8 വരെ സൂക്തങ്ങളിലും 101 മുതൽ 104 വരെ സൂക്തങ്ങളിലും ഇസ്രാഈല്യരുടെ ചരിത്രം പറയുന്നുവെന്നതാണീ നാമധേയത്തിനു കാരണം. സുബ്ഹാന (പരമപരിശുദ്ധൻ) എന്ന മൂന്നാമതൊരു പേരിലും സൂറഃ അറിയപ്പെടുന്നു. 'സുബ്ഹാന' എന്ന വാക്കാൽ സൂറഃ ആരംഭിക്കുന്നതു കൊണ്ടാണത്. മുസ്ഹഫിൽ പതിനേഴാമത്തേതായി ചേർത്ത ഈ സൂറഃ അവതരണത്തിൽ 50-ാമത്തേതാണ്.

അൽ ഇസ്‌റാഅ് മക്കയിലവതരിച്ച സൂറകളിൽ പെട്ടതാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. എന്നാൽ, ചില പണ്ഡിതന്മാർ 73-76 സൂക്തങ്ങളും മറ്റു ചിലർ 73-76, 60, 70 സൂക്തങ്ങളും വേറെ ചിലർ പ്രസ്തുത സൂക്തങ്ങൾക്കു പുറമെ 108-111 സൂക്തങ്ങളും ഇനിയും ചിലർ 32, 33, 57, 78, 26 സൂക്തങ്ങളും മദീനയിലവതരിച്ചവയാണെന്നഭിപ്രായപ്പെട്ടിരിക്കുന്നു. 73 മുതൽ 80 കൂടിയുള്ള എട്ടു സൂക്തങ്ങൾ മദനിയാണെന്നു പറഞ്ഞവരുമുണ്ട്. ഉപരിസൂചിത സൂക്തങ്ങളുൾക്കൊള്ളുന്ന വിധികൾ പ്രവാചകന്റെ മക്കീജീവിതത്തിൽ പ്രസക്തമാകുന്നില്ല എന്ന ധാരണയാണ് ഈ അഭിപ്രായങ്ങൾക്കാധാരം. എന്നാൽ, ആ ധാരണ ശരിയല്ലെന്നാണ് മറ്റു പണ്ഡിതന്മാരുടെ നിലപാട്.

ഹിജ്റയുടെ ഏതാണ്ട് ഒന്നരവർഷം മുമ്പാണ് ഇസ്‌റാഅ്-മിഅ്റാജ് സംഭവിച്ചത്. എങ്കിലും ഇസ്‌റാഅ് നടന്ന ഉടനെയാവണമെന്നില്ല സൂറഃ അവതരിച്ചത്; കുറെ മാസങ്ങൾക്കു ശേഷം പ്രവാചകന്റെ മദീനാ പ്രയാണത്തോടടുത്ത നാളുകളിലുമാവാം. സൂറയുടെ ഉള്ളടക്കം സൂചിപ്പിക്കുന്നതങ്ങനെയാണ്. സൂറഃ അവതരിക്കുന്ന കാലത്ത് മക്കയിൽ മുസ്‌ലിംകളുടെ എണ്ണം വർധിച്ചുവരുന്നുണ്ടായിരുന്നു. പ്രവാചകനോടൊപ്പം മറ്റു വിശ്വാസികളും പ്രബോധന പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നു. ഇസ്‌ലാമിക സാമൂഹിക ക്രമത്തെക്കുറിച്ചും പെരുമാറ്റ മര്യാദകളെക്കുറിച്ചും അവരെ ബോധവൽക്കരിക്കേണ്ട സാഹചര്യമായിരുന്നു അത്. അടുത്തു നടക്കാനിരിക്കുന്ന പ്രവാചകന്റെ മദീനാ പ്രവാ

സത്തെത്തുടർന്നു രൂപപ്പെടുന്ന
ഇസ്‌ലാമിക സമൂഹത്തിന്റെ അടി
സ്ഥാന സ്വഭാവങ്ങൾ നിർണയിക്കു
ന്നുണ്ട് ഈ സൂറയിലവതരിപ്പിക്കുന്ന
നിർദേശങ്ങൾ.

മുൻ സൂറഃ ഇസ്‌ലാമും
ഇബ്‌റാഹീമി ധർമവും തമ്മിലുള്ള
ബന്ധം ചൂണ്ടിക്കാണിച്ചുകൊണ്ട്
അറബികളെ പ്രബോധനം ചെയ്ത
കൂട്ടത്തിൽ ഇസ്രാഈല്യരിലേക്കും
ചില സൂചനകൾ നൽകിയിരുന്നുവ
ല്ലോ. ഈ സൂറഃ അവരെ പ്രത്യക്ഷ
മായി സംബോധന ചെയ്ത് അവ
രുടെ ചരിത്രം വിശദീകരിച്ചുകൊണ്ട്
പറയുകയാണ്: ദൈവത്തിന്റെ
മക്കളും ഇഷ്ടജനവുമൊക്കെയാ
ണെന്ന നിങ്ങളുടെ അവകാശവാദം
വെറും വ്യാമോഹമാണെന്നതിന്
ചരിത്രം സാക്ഷിയാണ്. അധർമ
ത്തിലും ധിക്കാരത്തിലും ആണ്ടു
പോയപ്പോഴൊക്കെ ദൈവം മറ്റു ജന
ങ്ങളെയെന്നപോലെ നിങ്ങളെയും
ശിക്ഷിച്ചിട്ടുണ്ട്. ദൈവഭക്തരും ധർമ
നിഷ്ഠരുമായി വാണപ്പോഴാണ് മറ്റു
ള്ളവരെപ്പോലെ നിങ്ങളെയും അവൻ
അനുഗ്രഹിച്ചിട്ടുള്ളത്. യഥാർഥത്തി
ലുള്ള ഇഹപര സൗഭാഗ്യങ്ങൾ
കാംക്ഷിക്കുന്നുവെങ്കിൽ ഇനി
നിങ്ങൾ ഈ അന്ത്യപ്രവാചകന്റെ
മാർഗം പിന്തുടരണം. തൗറാത്തി
ലൂടെ ദൈവം നേരത്തെ നിങ്ങൾക്കു
തുറന്നുതന്ന മാർഗം തന്നെയാണത്.

അതോടൊപ്പം ഇസ്‌റാഅ്-മി
അ്‌റാജ് സംഭവം അനുസ്മരിച്ചുകൊ
ണ്ട്, മസ്ജിദുൽ ഹറാമിന്റെയും
മസ്ജിദുൽ അഖ്‌സ്വായുടെയും പരി
ചരണം ഇനി ഈ പ്രവാചകനെയും
അനുയായികളെയും ഏൽപിക്കാൻ
അല്ലാഹു തീരുമാനിച്ചിരിക്കുന്നു
എന്ന കാര്യവും സൂചിപ്പിച്ചിരിക്കുന്നു.
അതിനാൽ സ്വന്തം നിലപാടുകളിൽ
മാറ്റം വരുത്തേണ്ടവർക്ക് ഇപ്പോൾ
അങ്ങനെ ചെയ്യാം. അതല്ല സത്യനി
ഷേധത്തിലും ധർമവിരോധത്തിലും
ഉറച്ചുനിൽക്കാൻ തന്നെയാണ് ഭാവമെ
ങ്കിൽ അതിന്റെ അനന്തരഫലങ്ങൾ
അനുഭവിക്കാൻ തയാറായിക്കൊള്ളു
ക.

ഖുർആൻ പ്രബോധനം
ചെയ്യുന്ന പ്രകൃതിപരമായ ജീവിതക്ര
മത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ
മുൻ സൂക്തത്തിൽ പൊതുവിൽ
സൂചിപ്പിച്ചിട്ടുണ്ട്. നീതിപാലനം (عدل),
നന്മ (احسان), അവകാശങ്ങൾ പര
സ്പരം വകവെച്ചുകൊടുക്കുക (الحقوق
ايتاء), അക്രമത്തിന്റെയും (بغي) അന്യാ
യത്തിന്റെയും (منكر) മ്ലേഛ വൃത്തിക
ളുടെയും (فحشاء) വർജനം എന്നിവയാ
ണത്. ഈ സൂറയിൽ അവയുടെ
യെല്ലാം വിശദീകരണങ്ങൾ കാണാം.
ഈ വിശദീകരണവും തൗറാത്തിലെ
പത്തു കൽപനകളും തമ്മിൽ
സാജാത്യം പ്രകടമാകുന്നു. ആദിമു
തലേ ദൈവവികശാസനകൾ മർത്യപ്ര
കൃതിയുമായി തികച്ചും സമരസപ്പെട്ട
തായിരുന്നുവെന്ന് അതിൽ നിന്ന്
അനായാസം മനസിലാക്കാം. ഇബ്നു
അബ്ബാസ്(റ) പ്രസ്താവിച്ചു:
തൗറാത്തു മുഴുവൻ സൂറഃ *ബനീഇ
സ്രാഈലിലെ* പതിനഞ്ചു സൂക്തങ്ങ
ളിലുണ്ട്. മറ്റൊരു നിവേദനത്തിൽ
അദ്ദേഹം പറയുന്നതിങ്ങനെയാണ്.
*ബനീഇസ്രാഈലിലെ* 22 മുതൽ 39
വരെയുള്ള പതിനെട്ടു സൂക്തങ്ങൾ
മൂസായുടെ ഫലകത്തിലുണ്ടായിരു
ന്നതാണ്. ഖുർആൻ തൗറാത്തിനെ
ഉദ്ധരിക്കുന്നു എന്നല്ല ഇതിന്റെ
താൽപര്യം; ഖുർആനിക വിധികൾ
തൗറാത്തിലെ നിയമങ്ങളോട് അടി
സ്ഥാനപരമായി യോജിക്കുന്നുവെ
ന്നാണ്. പരാമൃഷ്ട സൂക്തങ്ങളിൽ
തൗറാത്തിലെ പത്തു കൽപ്പനകളി
ലില്ലാത്ത കൽപ്പനകളും വിശദീകര
ണങ്ങളും ഉണ്ട്. ഉദാ:
സന്താനഹത്യാ നിരോധം.

ഖുർആന്റെ ദൈവികതയും
മാനുഷികതയും, അതിന്റെ അവതാ
രകന്റെ മഹത്വം, നിശ്ചിത സമയങ്ങ
ളിൽ നമസ്കാരം മുറപ്രകാരം അനു
ഷ്ഠിക്കൽ, ഉയിർത്തെഴുന്നേൽപ്പ്,
ചെകുത്താന് മനുഷ്യനോടുള്ള
വൈരം, പാരത്രികശിക്ഷ സംബ
ന്ധിച്ച മുന്നറിയിപ്പ്, സത്യം മിഥ്യയെ
ജയിക്കുമെന്ന് വിശ്വാസികൾക്ക്
ഉറപ്പു നൽകൽ, വിഗ്രഹാരാധകർ
പ്രവാചകനോടനുവർത്തിക്കുന്ന
അതിക്രമങ്ങളും അതിന് യഹൂദർ
നൽകുന്ന പിന്തുണയും തുടങ്ങിയ
വിഷയങ്ങൾ അതതിടങ്ങളിൽ ഉചി
തമായ താക്കീതുകളും ഉപദേശ
നിർദേശങ്ങളും നീതിസാരങ്ങളും
തത്ത്വജ്ഞാനങ്ങളും ആശ്വാസവച
നങ്ങളും കൂട്ടിയിണക്കി അവതരിപ്പി
ച്ചുകൊണ്ട് ഹിജ്റക്ക് തൊട്ടുമുമ്പ്
അവതരിച്ച ഈ സൂറഃ പ്രവാചകന്റെ
ഹിജ്റക്കുള്ള വിലപ്പെട്ട ആത്മീയ
പാഥേയം കൂടിയാകുന്നു. സൂറയുടെ
മഹത്വം സൂചിപ്പിച്ചുകൊണ്ട് ആഇ
ശ(റ) പ്രസ്താവിച്ചു: "സൂറഃ *അസ്സു
മറും* സൂറഃ *ബനൂഇസ്രാഈലും*
പാരായണം ചെയ്യാതെ നബി(സ)
ഉറങ്ങാറുണ്ടായിരുന്നില്ല". ■